(13) സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീമതി ആർ. ലതാദേവി : സർ, സംസ്ഥാനത്തെ കോളേജ്, യൂണിവേഴ്സിറ്റി അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ സമൂഹമദ്ധ്യത്തിൽ അദ്ധ്യാപകരെ അവഹേളനാപാത്രമാക്കുന്ന തരത്തിലാണെന്ന് സർക്കാരിനെ ഓർമ്മിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും അദ്ധ്യാപക സംഘടനകളും തമ്മിൽ ഉണ്ടാക്കിയ ധാരണകൾക്ക് വ്യത്യസ്തമായി ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് 18.2.2000-ത്തിൽ ഇറക്കിയ ഉത്തരവ് ഇന്ന് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ അസ്വസ്ഥമാക്കുകയും ആ രംഗത്ത് വ്യാപകമായി കരിനിഴൽ പരത്തുകയും ചെയ്തിരിക്കുകയാണ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കുന്ന പുരോഗമനപരമായ ഏതൊരു മാറ്റത്തേയും സ്വാഗതം ചെയ്യുന്നവരാണ് ഇവിടത്തെ ബഹുഭൂരിപക്ഷം അദ്ധ്യാപകരും. കോളേജ് വിദ്യാഭ്യാസ രംഗത്തെ നിലവാരം മെച്ചപ്പെടുത്താനുള്ള നടപടികൾ ഏറെ സ്വാഗതാർഹമാണ്. അദ്ധ്യാപകരിൽ ചുരുക്കം ചില ആളുകളെങ്കിലും നടത്തുന്ന പ്രൈവറ്റ് ട്യൂഷൻ നിർത്തേണ്ടതുതന്നെയാണെന്നാണ് ഭൂരിപക്ഷം അദ്ധ്യാപകരുടെയും അഭിപ്രായം. എന്നാലും ഒരു കാര്യം ശ്രദ്ധയിൽപെടുത്തുകയാണ്. അദ്ധ്യാപകർ മാത്രമാണോ പ്രൈവറ്റ് ട്യൂഷൻ എടുക്കുന്നത് എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. മറ്റ് സർക്കാർ ഉദ്യോഗസ്ഥരും തിരുവനന്തപുരം സിറ്റിയിലുൾപ്പെടെ വ്യാപകമായി പ്രൈവറ്റ് ട്യൂഷൻ എടുക്കുന്നുണ്ട്. 18.2.2000-ത്തിലെ ഉത്തരവനുസരിച്ച് യു.ജി.സി. കരിക്കുലത്തിന്റെ ഭാഗമായി സ്പോർട്സ്, ആർട്ട്സ്, തുടങ്ങിയവ പ്രവൃത്തിദിവസത്തിന്റെ ഭാഗമല്ലാതായിരിക്കുകയാണ്. ഇതൊക്കെ ഒഴിച്ച് 180 ദിവസം യഥാർത്ഥ അദ്ധ്യയന ദിവസമെന്നാണ് ഓർഡറിൽ പറയുന്നത്. 18.2.2000-ത്തിൽ ഇറക്കിയ ഓർഡറിൽ മൂന്നാം പേജിൽ (എ) മുതൽ (ഇ) വരെയുള്ള ഭാഗത്ത് പറയുന്നത്: Sports and cultural activities, College Union eclection and allied activities like Arts festival, drama festival etc. organised by the College Union, days on harthal, Bandh, strike etc., holidays declared for the college by the Principal or District Collector, other days in which teaching is not conducted in the College. ഈ ദിവസങ്ങളെല്ലാം പ്രവൃത്തി ദിവസങ്ങളല്ലായെന്നും അതേയവസരത്തിൽ കോളേജ് അദ്ധ്യാപകർ ഈ ദിവസങ്ങളിൽ നിർബന്ധമായിട്ടും കോളേജിൽ ഹാജരാകണമെന്നും പറയുന്നു. ഇങ്ങനെയൊരു ഉത്തരവിന്റെ ആവശ്യമുണ്ടോ? 180 പ്രവൃത്തി ദിവസങ്ങളിൽ കരിക്കുലത്തിന്റെ ഭാഗമായിട്ടുള്ള ആർട്സ്, സ്പോർട്സ്, യുവജനോത്സവം മുതലായവ നിർബന്ധമായിട്ടും ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്. അവധി ദിവസങ്ങളിൽ കോളേജ് അദ്ധ്യാപകർ കോളേജിൽ പോയില്ലെങ്കിൽ ആ ദിവസം കോംപൻസേറ്റ് ചെയ്യണം. പിന്നെയുള്ള ശനിയാഴ്ച ദിവസങ്ങളിൽ കോളേജിൽ പോയി വർക്ക് ചെയ്യണം. അദ്ധ്യാപകരുടെ ശമ്പളം സംബന്ധിച്ച് പെരുപ്പിച്ച്, പൊടിപ്പും തൊങ്ങലും വച്ചുകൊണ്ടുള്ള ഒരു അതിശയോക്തി ഇന്ന് നിലനിൽക്കുകയാണ്. ആ ഉത്തരവിൽ അര മണിക്കൂർ ഉച്ചഭക്ഷണത്തിനുവേണ്ടി കൊടുക്കുന്ന സമയം ഡ്യൂട്ടിയുടെ ഭാഗമല്ലാതായിരിക്കുന്നു. ശനിയാഴ്ച പ്രവൃത്തി ദിവസമാക്കിയതിന്റെ ഭാഗമായിട്ട് നിലനിൽക്കുന്ന അവ്യക്തതയിൽ ഉടൻ മാറ്റമുണ്ടാകണം. ജനുവരി മാസത്തെ ശമ്പളം കിട്ടിയില്ല. ഡഫേദാർക്ക് കിട്ടുന്ന ശമ്പളം പോലും കോളേജ് അദ്ധ്യാപകർക്ക് കിട്ടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സേവന നിബന്ധനകളിൽ പ്രതികൂലമായി മാറ്റം വരുത്തുംപോൾ യു.ജി.സി. പാക്കേജുമായി ബന്ധപ്പെട്ട അനുകൂലഘടകങ്ങൾ വിസ്മരിക്കപ്പെടുകയാണ്. അക്കാദമിക് പ്രവൃത്തികളുടെ മേൽനോട്ടം യൂണിവേഴ്സിറ്റികൾക്കുതന്നെയായിരിക്കണം. അല്ലാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ ഏൽപ്പിക്കരുതെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ അസ്വസ്ഥകൾ പരിഹരിക്കുന്നതിനും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും യൂണിവേഴ്സിറ്റികളുടെ സ്വയം ഭരണവകാശം സംരക്ഷിക്കുന്നതിനും അടിയന്തിരമായി അദ്ധ്യാപക സംഘടനകളുമായി കൂടിയാലോചിച്ച് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, യു.ജി.സി. നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ഇന്ന് ഉയർന്നുവന്നിരിക്കുന്ന വിമർശനങ്ങൾ പലതും വസ്തുതകൾ മനസ്സിലാകാത്തതുകൊണ്ടാണ്.

മി. സ്പീക്കർ : യു.ജി.സി. സ്കീം നടപ്പിലാക്കിയോ?

ശ്രീ. പി.ജെ. ജോസഫ് : 18.2.2000-ത്തിലെ ഉത്തരവ് നടപ്പിലാകുമ്പോൾ സ്കീം നടപ്പിലാകും. യു.ജി.സി. സ്കീം നടപ്പിലാക്കുന്നതിന് ചില നിബന്ധനകൾ മുന്നോട്ടുവച്ചിട്ടുണ്ട്. ആ നിബന്ധനകൾ പാലിച്ചാൽ മാത്രമേ കേന്ദ്ര ഗവൺമെന്റ് ഈ സഹായം നൽകുകയുള്ളൂ. 1996 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കുകയാണ്. 133 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് ഇതിനുവേണ്ടി നൽകുന്നത്. അവർ പറയുന്ന നോംസ് അനുസരിച്ച് നടപ്പിലാക്കിയാൽ മാത്രം ഈ സഹായം നൽകുകയുള്ളുവെന്ന് അവർ വളരെ കൃത്യമായിട്ട് പറയുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 18.2.2000-ത്തിലെ ഉത്തരവിൽ ആദ്യം ഉണ്ടായിരുന്നതിൽ കുറച്ച് ഭേദഗതി വരുത്തി. ആ ഉത്തരവ് അനുസരിച്ച് കാര്യങ്ങൾ നടപ്പിലാക്കിയാൽ അദ്ധ്യാപകർക്ക് പ്രത്യേകിച്ച് ബുദ്ധിമുട്ട് ഉണ്ടാകേണ്ട കാര്യമില്ല. ഏതൊക്കെയാണ് വർക്കിംഗ് ഡേയ്സ്. ഏതൊക്കെയാണ് ടീച്ചിംഗ് ഡേയ്സ് എന്നെല്ലാം ഉത്തരവിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പ്രൈവറ്റ് കോളേജുകളിൽ പ്രവൃത്തി സമയം 9.00 മുതൽ 4.30 വരെയാക്കിയിട്ടുണ്ട്. അദ്ധ്യാപക സംഘടനകളൊന്നും തന്നെ ഇതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടില്ല. ഉച്ചയ്ക്ക് അര മണിക്കൂർ ഇന്റർവെൽ. ഇങ്ങനെ വരുമ്പോൾ ആഴ്ചയിൽ 35 മണിക്കൂറേ ആകുന്നുള്ളൂ. അവരുടെ കണക്കനുസരിച്ച് ആഴ്ചയിൽ 40 മണിക്കൂർ വേണം. വെക്കേഷനും പൊതു ഒഴിവു ദിവസങ്ങളും ഒഴികെ 180 പ്രവൃത്തി ദിവസങ്ങൾ ചുരുങ്ങിയത് ഉണ്ടായിരിക്കണമെന്ന് യു.ജി.സി.നിഷ്ക്കർഷിക്കുന്നുണ്ട്. ആർട്ട്സ് ഫെസ്റ്റിവൽ, സ്പോർട്സ്, സാംസ്കാരിക പ്രവർത്തനങ്ങൾ കോളേജ് യൂണിയൻ ആക്ടിവിറ്റീസ്, ഹർത്താലുകളും ബന്ദുകളും, സ്ട്രൈക്കുകൾ, പ്രിൻസിപ്പൽമാരും ജില്ലാ കളക്ടർമാരും പ്രഖ്യാപിക്കുന്ന ഒഴിവു ദിവസങ്ങൾ ഒഴികെയുള്ള ദിവസങ്ങളാണ് ഈ 180 പ്രവൃത്തി ദിവസങ്ങളിൽ വരുന്നത്. ആ ദിവസങ്ങളെല്ലാം അദ്ധ്യയന ദിവസങ്ങളായി യു.ജി.സി. കാണുകയില്ല. 2000 മാർച്ച് 31-നു മുമ്പ് 180 അദ്ധ്യയന ദിവസങ്ങളിൽ കുറവാണ് വരുന്നതെങ്കിൽ ശനിയാഴ്ചകൂടി വർക്കിംഗ് ഡേയ്സ് ആക്കണം. ശനിയാഴ്ച പഠിപ്പിക്കുകയോ വേണ്ടയോ എന്നുള്ളത് പ്രിൻസിപ്പൽമാർ തീരുമാനിക്കും. അടുത്ത അദ്ധ്യയനവർഷം മുതൽ നഷ്ടപ്പെടുന്ന അദ്ധ്യയന ദിവസങ്ങൾക്കു പകരമായി അടുത്തുവരുന്ന ശനിയാഴ്ചകളിൽ അദ്ധ്യയനം നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. അതുപോലെ ഇലക്ട്രോണിക് പഞ്ചിംഗ്

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനവും നടപ്പിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 21.12.1999-ലെ സർക്കാർ ഉത്തരവിൽ ഖണ്ഡിക 15(7)-ൽ ആഴ്ചയിൽ ആറു ദിവസം അദ്ധ്യയന ദിവസം ഉണ്ടായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ചില അദ്ധ്യാപകർ ശനിയാഴ്ച പ്രവൃത്തിയിൽനിന്ന് വിട്ടുനിൽക്കുകയുണ്ടായി. അങ്ങനെയുള്ള അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞുവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അവരുടെ ശമ്പളം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സംശയമില്ല. ഇക്കാര്യത്തിൽ യു.ജി.സി.യുടെ നിബന്ധന നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ ഉത്തരവു സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. പഴയ രീതിയിൽ ജോലി ചെയ്യുന്നത് തുടരുകയാണെങ്കിൽ കേന്ദ്ര ഗവൺമെന്റ് സഹായം നൽകുകയില്ലെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. കേന്ദ്ര മാനവശേഷി വകുപ്പുമന്ത്രിയുമായി ഇക്കാര്യങ്ങളെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. അവരുടെ സ്കീം അംഗീകരിച്ചാൽ മാത്രമേ സഹായം നൽകുകയുള്ളൂ. ഇതനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിലെല്ലാം ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ യു.ജി.സി.യുടെ നിബന്ധനകൾ അനുസരിച്ചുതന്നെയാണ് മറ്റു സംസ്ഥാനങ്ങളിലും ഉത്തരവ് ഇറക്കിയിട്ടുള്ളത്. കർണ്ണാടക സംസ്ഥാനത്തിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കിക്കിട്ടുക എന്നുള്ളത് ഏറ്റവും വലിയ ആവശ്യമാണ്. അദ്ധ്യാപകർക്ക് ഒരു ദുഷ്യവും വരുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. യു.ജി.സി. നോംസിനകത്തുനിന്നുകൊണ്ട് അദ്ധ്യാപകർക്ക് ചെയ്യാവുന്ന എല്ലാ സഹായവും ഗവൺമെന്റ് ചെയ്യുന്നതാണ്.

(14) പ്രീമിയർ ടയേഴ്സിലെ ലോക്കൗട്ട്

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : സർ, കളമശ്ശേരിയിലുള്ള പ്രീമിയർ ടയേഴ്സ് കമ്പനി കഴിഞ്ഞ 62 ദിവസമായി ലോക്കൗട്ട് ചെയ്തിരിക്കുകയാണ്.1300-ഓളം തൊഴിലാളികൾ ഈ സ്ഥാപനത്തിൽ പണിയെടുക്കുന്നുണ്ട്. തൊഴിലാളികൾ പുതിയ ഡിമാന്റൊന്നും ഉന്നയിച്ചിട്ടില്ല. ഒരു ഡിമാന്റും ഉന്നയിക്കാതെ മാനേജുമെന്റ് ധിക്കാരപരമായ സമീപനമാണ് ലോക്കൗട്ടിൽക്കൂടി കൈക്കൊണ്ടിട്ടുള്ളത്. 1995-ൽ അത് പീഡിത വ്യവസായമായി പ്രഖ്യാപിച്ചാണ് അപ്പോളോ മാനേജുമെന്റ് ഈ സ്ഥാപനം ഏറ്റെടുത്തത്. അതിനു മുമ്പ് പ്രീമിയർ ടയേഴ്സ് കമ്പനി തന്നെ ലോക്കൗട്ട് ചെയ്യുക സ്ഥിരം തൊഴിലായിരുന്നു. അപ്പോളോ മാനേജുമെന്റ് ഏറ്റെടുത്തതിനുശേഷവും ഈ സംവിധാനം തുടരുകയാണ്. തൊഴിൽ നിയമങ്ങളെയെല്ലാം കാറ്റിൽ പറത്തിക്കൊണ്ടാണ് ഈ ലോക്കൗട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. ദീർഘകാല കരാറിൽ ഒപ്പിട്ടിട്ട് വർഷങ്ങളോളമായിട്ടും തൊഴിലാളികളുടെ പുതിയ ഡിമാന്റുകളൊന്നും ഉന്നയിക്കാതെ, അവരുടെ ആവശ്യങ്ങൾ ഡിമാന്റുചെയ്യാതെ തന്നെയാണ് ഈ ലോക്കൗട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. കഴിഞ്ഞ മാസം 19-ാം തീയതി റീജിയണൽ ലേബർ കമ്മിഷണർ ഒരു അനുരഞ്ജന സംഭാഷണത്തിന് വിളിച്ചിരുന്നു. ഈ സംഭാഷണത്തിൽ വച്ച് മാനേജുമെന്റ് പുതിയ തൊഴിൽ ന്യായങ്ങൾ ഉന്നയിച്ചുകൊണ്ട് ലോക്കൗട്ട് തുടരാനുള്ള സമീപനമാണ് എടുത്തിട്ടുള്ളത്. കുടിശ്ശിക ശമ്പളംപോലും കൊടുക്കാൻ തയ്യാറാകാതെ മാനേജുമെന്റ് ധിക്കാരപരമായ സമീപനമാണ് എടുത്തിട്ടുള്ളത്. ഇത്രയും തൊഴിലാളികളെ വഴിയാധാരമാക്കുന്ന ഈ സമീപനമെടുത്തിട്ടുള്ള മാനേജുമെന്റിന്റെ ധിക്കാരപരമായ നടപടി അവസാനിപ്പിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം. മാനേജുമെന്റും തൊഴിലാളി പ്രതിനിധികളുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാനുള്ള അടിയന്തിര ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly